**No. CEE/200/PG Ayurveda (Diploma)-2020/TA1**

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## പി. ജി. ആയുർവ്വേദ ഡിപ്ലോമ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2020-21

## ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു.

തിരുവനന്തപുരത്തും, തൃപ്പൂണിത്തുറയിലും, കണ്ണൂരിലുമുള്ള സർക്കാർ ആയുർവ്വേദ കോളേജുകളിലും, കോട്ടയ്ക്കൽ എയ്ഡഡ് ആയുർവ്വേദ കോളേജിലും, ആയുർവ്വേദ ബിരുദാനന്തര ബിരുദ ഡിപ്ലോമ കോഴ്സുകളിലെ 2020–21 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് AIAPGET-2020 യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. പി.ജി. ആയൂർവേദ കോഴ്സിന് അപേക്ഷ സമർപ്പിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പി.ജി.ആയൂർവേദ ഡിപ്ലോമ കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പുതുതായി അപേക്ഷ നൽകേണ്ടതില്ല. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'PG Ayurveda-2020 Candidate Portal'** ലോഗിൻ ചെയ്ത് **'Memo details'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അധിക തുക ഫീസായി (16.01.2021, രാവിലെ 10.00 മണിക്ക് മുമ്പായി) ഒടുക്കിയാൽ മതിയാകും.

## പുതുതായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

1) **പ്രവേശനത്തിനുവേണ്ട യോഗ്യതകൾ:**

(i) **നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

(ii) **വയസ്സ്:** അപേക്ഷകർ 31/07/2020 ന് 45 വയസ്സ് കഴിയാത്തവരായിരിക്കണം. പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതാണ്.

(ii) **വിദ്യാഭ്യാസ യോഗ്യതകൾ:** പി.ജി. ആയൂർവേദ (ഡിപ്ലോമ) കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ NTA നടത്തിയ AIAPGET-2020 പ്രവേശന പരീക്ഷയിൽ യോഗ്യത നേടി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരായിരിക്കണം. സി.സി.ഐ.എം അംഗീകാരമുള്ള കോളേജുകളിൽ നിന്നോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ ലഭിച്ച അല്ലെങ്കിൽ കേരളത്തിലെ ഒരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ള ബി.എ.എം.എസ്./ ആയുർവ്വേദാചാര്യ/ ബി.എ.എം. ബിരുദം. അപേക്ഷകർ ഓരോ വിഷയത്തിലും തിയറിക്കും പ്രാക്ടിക്കൽ പരീക്ഷയ്ക്കും പ്രത്യേകമായി 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിട്ടുള്ളവരായിരിക്കണം. എന്നാൽ 1995 നു മുമ്പ് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ബി.എ.എം.എസ്/ബി.എ.എം. പരീക്ഷ പാസ്സായിട്ടുള്ളവർക്ക് തിയറിക്കും പ്രാക്ടിക്കലിനും 50 ശതമാനം മാർക്ക് നേടണമെന്നുള്ള നിബന്ധനയില്ല. 31.12.2020 ന് മുൻപായി ഇന്റേൺഷിപ്പ് പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. ഇവർ പ്രവേശനത്തിനു മുമ്പായി ബന്ധപ്പെട്ട മെഡിക്കൽ കൗൺസിലിൽ നിന്നുമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2) **പ്രവേശന രീതി**

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (AIIA) 2020–ൽ നടത്തിയ പ്രവേശന പരീക്ഷ (AIAPGET-2020)–യുടെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കായിരിക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നത്. പ്രവേശന പരീക്ഷയിൽ ജനറൽ വിഭാഗക്കാർ 50 പെർസന്റയിലും എസ്.സി/എസ്.റ്റി/എസ്.സി.ബി.സി വിഭാഗക്കാർ 40 പെർസന്റയിലും ശാരീരിക വൈകല്യമുള്ള ജനറൽ വിഭാഗക്കാർ 45 പെർസന്റയിലും ശാരീരിക വൈകല്യമുള്ള എസ്.സി/എസ്.റ്റി/എസ്.സി.ബി.സി വിഭാഗക്കാർ 40 പെർസന്റയിലും മാർക്ക് നേടിയിരിക്കണം.

3) **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട വിധം**

എല്ലാ അപേക്ഷകരും **www.cee.kerala.gov.in** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖാന്തിരം **ഓൺലൈനായി 12.01.2021 മുതൽ 16.01.2021** രാവിലെ 10.00 മണി വരെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

AIAPGET-2020-ൽ യോഗ്യത നേടിയ അപേക്ഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായോ, ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ-ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റാഫീസ്/സബ് പോസ്റ്റാഫീസുകളിൽ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ജനറൽ വിഭാഗക്കാർ **1000/– രൂപയും,** SC/ST വിഭാഗക്കാർ **500/-രൂപയും** ഒടുക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതല്ല. പ്രോസ്പെക്ടസ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

4). **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** ബിരുദാനന്തര ബിരുദ ആയുർവേദ 2020 ഡിപ്ലോമ കോഴ്സിലേയ്ക്ക് അപേക്ഷിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് **9.2.4** ൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ **16.01.2021** രാവിലെ 10.00 **മണിയ്ക്ക്** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിന്റെ കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.

5). ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ പുതുതായി ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.

6). അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

7) പുതുതായി അപേക്ഷ സമർപ്പിക്കുന്ന അപേക്ഷാർത്ഥികളെ ആയൂർവേദ ഡിപ്ലോമ കോഴ്സുകളിലേക്ക് മാത്രമായിരിക്കും പരിഗണിക്കുക.

**അപേക്ഷയുടെ പ്രിന്റൗട്ട്, സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതില്ല.**

**കുറിപ്പ്: ഓപ്ഷൻ രജിസ്ട്രേഷൻ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:** പി.ജി. ആയൂർവേദ ഡിപ്ലോമ കോഴ്സിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷാ സമർപ്പണത്തിന്റെ ഭാഗമായിട്ടുള്ള ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിന് 13.01.2021 മുതൽ 16.01.2021 രാവിലെ 10.00 മണി വരെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്. എന്നാൽ പി.ജി.ആയൂർവേദ കോഴ്സിന്റെ പ്രവേശന പരീക്ഷ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പി.ജി. ആയൂർവേദ ഡിപ്ലോമ കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നുണ്ടെങ്കിൽ 16.01.2021 രാവിലെ 10.00 മണിയ്ക്ക് മുമ്പ് അധിക തുക ഫീസായി ഒടുക്കിയശേഷം പി.ജി.ആയൂർവേദ കോഴ്സിന്റെ രണ്ടാം ഘട്ട ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ ആരംഭിക്കുന്ന തീയതിയായ 16.01.2021 മുതൽ ഡിപ്ലോമ കോഴ്സിലേയ്ക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. പുതുതായി ഉൾപ്പെടുത്തിയ പി.ജി. ആയൂർവേദ ഡിപ്ലോമ കോഴ്സുകളിലേയ്ക്കും, പി.ജി. ആയൂർവേദ കോഴ്സുകളിൽ ഒന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം വന്ന ഒഴിവുകളിലേയ്ക്കും ഏകീകൃത അലോട്ട്മെന്റ് സംവിധാനം വഴി ഒഴിവുകൾ നികത്തുന്നതായിരിക്കും.

ഹെൽപ്പ് ലൈൻ നമ്പർ: 047122525300

തിരുവനന്തപുരം
13.01.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**